അനധികൃത കള്ള് കടത്ത്

99 (2918) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക്പോസ്റ്റുകളെ മറികടന്ന് അനധികൃതമായി കള്ള് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അനധികൃതമായി കടത്തുന്ന കള്ള് പിടികൂടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) അനധികൃതമായി കടത്തിയ കള്ള് പിടികൂടിയ ഏതെങ്കിലും കേസ് നിലവിലുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) അതിർത്തി ചെക്ക്പോസ്റ്റുകളെ മറികടന്ന് അനധികൃതമായി നടത്തുന്ന കള്ള് കടത്ത് തടയുന്നതിനായി ശക്തമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നിലവിലുള്ള എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾക്ക് പുറമേ രാത്രികാല വാഹനപരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റ് പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ വ്യാജങ്ങൾ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയപാതകളിൽ വാഹന പരിശോധനയും നടത്തിവരുന്നു. കൂടാതെ പെർമിറ്റ് വാഹനങ്ങൾ പരിശോധിക്കുന്നതിന് ആലത്തൂരിൽ കള്ള് ചെക്കിംഗ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly